# Meeting between External Affairs Minister and Foreign Minister of Portugal

October 14, 2020

## ഇന്ത്യൻ വിദേശകാര്യമന്ത്രിയും പോർട്ടുഗൽ വിദേശകാര്യമന്ത്രിയുമായുള്ള സമ്മേളനം

ഒക്ടോബർ 14, 2020

ഇന്ത്യൻ വിദേശകാര്യമന്ത്രിയായ ഡോ. എസ് ജയശങ്കറും തുല്യചുമതലയുള്ള പോർച്ചുഗീസ് മന്ത്രി ശ്രീ. അഗസ്റ്റോ സാന്റോസ് സിൽവയും തമ്മിൽ 2020 ഒക്ടോബർ 14 നു കൂടിക്കാഴ്ച നടത്തി. കോവിഡ് -19 പകർച്ചവ്യാധി സമയത്തെ അകമഴിഞ്ഞ സഹകരണവും കോവിന് ശേഷമുള്ള സാഹചര്യങ്ങളിലെ സഹകരണ സാധ്യതയും സംബന്ധിച്ച് ഇരു നേതാക്കളും തമ്മിൽ ഉഭയകക്ഷി ബന്ധങ്ങളിൽ വിശദമായ കൂടിക്കാഴ്ച നടത്തി. ഇടക്കിടയുള്ള ഉന്നതതല കൂടികാഴ്ചകളിലൂടെ എടുത്തു കാണിക്കാവുന്ന തരത്തിൽ ഉഭയകക്ഷി ബന്ധങ്ങളിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായുള്ള പുരോഗമനത്തിൽ ഇരു നേതാക്കളും അഭിനന്ദിച്ചു. കുടിയേറ്റം& ഗതാഗത പങ്കാളിത്തം, പ്രതിരോധമേഖല എന്നിവപോലുള്ള പുതിയ മേഖലകളിലെ സഹകരണവും ദൃഢപ്പെടുത്തുന്ന സാമ്പത്തിക ബന്ധങ്ങളും വഴി ഉഭയകക്ഷി ബന്ധങ്ങളിലെ ക്രിയാത്മകത നിലനിർത്തുന്നതിന് അവർ അനുകൂലിച്ചു. ഇന്ത്യ -എ ബന്ധങ്ങളെക്കുറിച്ചും നേതാക്കൾ ചർച്ച ചെയ്തു കൂടാതെ പോർച്ചുഗലിന്റെ അധ്യക്ഷതയിൽ നടക്കുന്ന 2021 ലെ ഇന്ത്യ -EU27 നേതാക്കളുടെ സമ്മേളനത്തിൽ മികച്ച സഹകരണത്തിൽ പ്രവർത്തിക്കുന്നതിനും അവർ തീരുമാനിച്ചു . ഇതിനായി പ്രധാനമന്ത്രി അന്റോണിയോ കോസ്റ്റ പ്രധാനമന്ത്രി മോഡിയ്ക്ക് ക്ഷണം അയച്ചിരുന്നു. നവീകരിച്ച ബഹുരാഷ്ട്ര വാദത്തോടുള്ള പ്രതിബദ്ധത അവർ വീണ്ടും ആവർത്തിച്ചു കൂടാതെ 2021 മുതൽ ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിലിലെ ഇന്ത്യൻ സാന്നിധ്യത്തെ അടിസ്ഥാനമാക്കി പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ അടുത്ത സമ്പർക്കവും സഹകരണവും പുലർത്തുന്നതാണെന്നും അനുകൂലിച്ചു.

**ന്യൂ ഡൽഹി**
**14 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.